**പതിന്നാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 146 02/05/2017 ൽ മറുപടിക്ക്

## ഇറമുഖങ്ങളിൽ നിന്നുള്ള മണൽ ശേഖരണം

| ചോദ്യം | മറുപടി |
|---|---|
| ഡോ.എം. കെ. മുനീർ<br>ശ്രീ. കെ.എം.ഷാജി<br>,, പി.ബി. അബ്ദുൽ റസ്സാക്ക്<br>,, പി.കെ.അബ്ദു റബ്ബ് | കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | ഇറമുഖങ്ങളിൽ നിന്നുള്ള മണൽ ശേഖരണ ചുമതല തദ്ദേശസ്ഥാപനങ്ങൾക്കാണോ എന്ന് വ്യക്തമാക്കുമോ; | എ) തുറമുഖ വകുപ്പിന് കീഴിൽ, സഹകരണ സംഘങ്ങൾ മുഖേന 2010 മുതൽ നടത്തി വന്നിരുന്ന മണൽ ഖനനം 09.02.2017 ലെ സ.ഉ. നമ്പർ (എം.എസ്) 2/2017 മ.തു.വ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന മാന്വൽ ഡ്രഡ്ജിംഗ് ആയി നടത്തുന്നതിനുള്ള കരട് നയം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| ബി) | എങ്കിൽ മണൽ ഖനന-വിപണന പ്രവർത്തനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കുമോ; | ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ മാന്വൽ ഡ്രഡ്ജിംഗിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മുൻകാലങ്ങളിൽ ഈ പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്നവരുമായ പരമ്പരാഗത തൊഴിലാളികൾക്കും മുൻഗണന നല്കി അവരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തൊഴിലാളികളായി രജിസ്റ്റർ ചെയ്യിക്കുന്നതിനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വാരാവുന്ന മണലിന്റെ അളവ്, വില എന്നിവ സർക്കാർ നിശ്ചയിക്കുന്നതും മണൽ കടവുകൾ ഓപ്പൺ ടെണ്ടർ മുഖേന ലേലം ചെയ്ത് നൽകേണ്ടതും കളക്ടർ ഇ-മണൽ സംവിധാനം വഴി |

| | | |
|---|---|---|
| | | വിൽപ്പന നടത്തുന്നതുമാണ്. സ്വന്തമായി കടവുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് സ്വകാര്യ കടവുകൾ വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിനും നിർദ്ദേശം നൽകിയി ട്ടുണ്ട്. |
| സി) | ഈ പ്രക്രിയയെ തീരദേശസംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ ഏതു വിധത്തിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | സി) മാന്വൽ ഡ്രഡ്ജിംഗ് പ്രക്രിയ തീരദേശ സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളെ ബാധിക്കുന്നത് സംബന്ധിച്ച പഠനങ്ങൾ വകുപ്പു തലത്തിൽ നടത്തിയിട്ടില്ല. നിലവിൽ മാന്വൽ ഡ്രഡ്ജിംഗ് പ്രക്രിയ തീരദേശസംരക്ഷണ നിയമത്തിലെ വ്യവസ്ഥകളെയും 2011--ലെ കോസ്റ്റൽ റെഗുലേഷൻ സോൺ നോട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാണ് നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ